പത്രപ്രസ്താവന

# ഭാരതീയ റിസർവ് ബാങ്ക്

വാർത്താവിനിമയവിഭാഗം, കേന്ദ്രഓഫീസ്, എസ്.ബി.എസ്.മാർഗ്, മുംബയ്-400001
ഫോൺ: 022-22610835 ഫാക്സ്: 91 22 22660358

നവംബർ 17, 2017

## സോവറിൻ ഗോൾഡ് ബോണ്ട് 2017-18 സീരീസ് - IX ഇഷ്യു വില

ഭാരയീയ സർക്കാർ വിജ്ഞാപനം F.No.4 (25) - ബി / (ഡബ്ളിയു ആൻറ് എം) / 2017, ആർബിഐ സർക്കുലർ ഐ.ഡി.എം.ഡി. / സി.എം.ഡി. നം. 929 / 14.04.050 / 2017-18 ഒക്റ്റോബർ 06, 2017 എന്നിവ പ്രകാരം സോവറിൻ ഗോൾഡ് ബോണ്ട് പദ്ധതി 2017 ഒക്ടോബർ 9 മുതൽ ഡിസംബർ 27 വരെ ഓരോ ആഴ്ചയും തിങ്കളാഴ്ച മുതൽ ബുധൻ വരെ സബ്സ്ക്രിപ്ഷന് ലഭ്യമാകുന്നതാണ്. ഒരു നിശ്ചിത ആഴ്ചയിൽ ലഭിക്കുന്ന അപേക്ഷകൾ അടുത്തയാഴ്ച ആദ്യ വ്യാപാര ദിനത്തോടനുബന്ധിച്ചാണ് സെററിൽചെയ്യുക.

2017 നവംബർ 20 മുതൽ 2017 നവംബർ 22 വരെ സബ്സ്ക്റൈബ് ചെയ്യുന്നവ, 2017 നവംബർ 27 ന് തീർപ്പാക്കും. ബോണ്ടിന്റെ നാമമാത്രമൂല്യം സബ്സ്ക്രിപ്ഷൻ കാലയളവിനു തൊട്ടുമുമ്പുള്ള ആഴ്ചയിലെ അതായത്, 2017 നവംബർ 15 മുതൽ 17 വരെയുള്ള അവസാന മൂന്നു പ്രവൃത്തി ദിവസങ്ങളിൽ 999 പരിശുദ്ധിയുള്ള സ്വർണത്തിന്റെ ശരാശരി ക്ളോസിംഗ് വിലയായ (ബുല്ല്യൻ ആൻഡ് ജുവലേഴ്സ് അസോസിയേഷൻ ലിമിറ്റഡ് പ്രസിദ്ധീകരിച്ചത്) ഗ്രാമിന് 2964 രൂപ എന്ന രീതിയിലായിരിക്കും.

ഭാരതസർക്കാർ ഭാരതീയ റിസർവ് ബാങ്കുമായി ചർച്ചചെയ്ത് ഓൺലൈനായി അപേക്ഷിക്കുകയും, അപേക്ഷയുടെ പേയ്മെന്റ് ഡിജിറ്റൽ മോഡിലൂടെ നടത്തുകയും ചെയ്യുന്ന നിക്ഷേപകർക്ക് നാമമാത്രമായ മൂല്യത്തിൽ കുറയാതെ ഗ്രാമിന് 50 രൂപ ഡിസ്കൌണ്ട് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. അത്തരം നിക്ഷേപകർക്ക് ഗോൾഡ് ബോണ്ടിന്റെ ഇഷ്യു വില ഒരു ഗ്രാം സ്വർണ്ണത്തിന് 2914 രൂപ (രണ്ടായിരത്തി തൊല്ളായിരത്തിപതിനാല് രൂപ മാത്രം) ആയിരിക്കും.

**അജിത് പ്രസാദ്**

പ്രസ് റിലീസ്: 2017-2018/1379

അസിസ്റ്റന്റ് അഡ്വൈസർ